"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 15.09.2025 തീയതിയിൽ കൂടിയ യോഗത്തിന്റെ 4.38 നമ്പർ തീരുമാനം - നിലമ്പൂർ മൈനോറിറ്റി ബ്ലോക്ക് - സ്കിൽ ഡെവലപ്മെന്റ് കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് ജില്ലാപഞ്ചായത്തിൽ നിന്ന് വിഹിതം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2573/2025/LSGD തീയതി,തിരുവനന്തപുരം, 24-10-2025

---

പരാമർശം:- 15.09.2025 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയുടെ 4.38 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നിലമ്പൂർ മൈനോറിറ്റി ബ്ലോക്കിലേയ്ക്ക് പ്രധാനമന്ത്രി ജൻവികാസ് കാര്യക്രം (PMJVK) 2021-22 പദ്ധതി പ്രകാരം ചാലിയാർ ഗ്രാമപഞ്ചായത്തിൽ സ്കിൽ ഡെവലപ്മെന്റ് സെന്റർ നിർമ്മിക്കുന്നതിന് 792.42 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി ഇപ്പോൾ പൂർത്തീകരണഘട്ടത്തിലാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഡെവലപ്മെന്റ് ഏജൻസികളുടെ സഹായത്തോടെ യുവജനതയുടെ കഴിവുകളെ പരിപോഷിപ്പിക്കുക എന്നതാണ് സെന്ററിന്റെ ലക്ഷ്യം. സെമിനാർ റൂം, ഇലക്ട്രോണിക് ലാബ്, സർവ്വെ & GPS ലാബ്, ഐ.റ്റി. ലാബ്, കൗൺസിലിംഗ് സെന്റർ, സ്റ്റോർ റൂം തുടങ്ങിയ സൗകര്യങ്ങളോടെ 3519.72 ചതുരശ്ര മീറ്റർ വിസ്തീർണ്ണം കെട്ടിടത്തിനുണ്ട്. GST നിരക്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകളിലുളുള്ള വ്യതിയാനം മൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്ന് 65 ലക്ഷം രൂപ അനുവദിക്കുന്നതിന് വേണ്ടി ബഹു.രാജ്യസഭാ എം.പി. ശ്രീ അബ്ദുൾ വഹാബ് പി.വി. ജില്ലാ പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് വിഹിതം അനുവദിക്കുന്നതിന് അനുമതിയ്ക്കായി ഈ വിഷയം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരികയും, PMJVK പ്രകാരം നിർമ്മാണം തുടങ്ങിയ പദ്ധതി എന്നത് പരിഗണിച്ച് പരാമർശം തീരുമാന പ്രകാരം അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ

പരാമർശം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ നിലമ്പൂർ ബ്ലോക്കിലെ ചാലിയാർ ഗ്രാമപഞ്ചായത്തിൽ **PMJVK (2021-22)** പദ്ധതി പ്രകാരം ആരംഭിച്ച സ്കിൽ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ജില്ലാ പഞ്ചായത്തിൽ നിന്ന് അറുപത്തിയഞ്ച് ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്: പ്രിൻസിപ്പൽ ഡയറക്ടർ, **LSGD**, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
പ്രസിഡന്റ്/സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
**SRG**, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ & പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 29-10-2025 15:41:36
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്